മാർച്ച് 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

ഈ സംവത്സരത്തിലെ മാരാമൺ കൺവൻഷൻ അനുഗൃഹീതമായ രീതിയിൽ നടത്തുന്നതിന് ദൈവം കരുണ കാണിച്ചു. പ്രളയം അസഹനീയമായ ദുരിതം വിതച്ചുവെങ്കിലും മാരാമൺ കൺവൻഷൻ മണൽപ്പുറത്തുണ്ടായിരുന്ന മാലിന്യങ്ങൾ പ്രളയത്താൽ തുടച്ചുനീക്കപ്പെട്ട് വളരെ മനോഹരമായ ഒരു മണൽപ്പുറം പ്രദാനം ചെയ്തു. പ്രളയത്തോടനുബന്ധിച്ചുണ്ടായ പൊടിപടലത്തിന്റെ ശല്യം കൺവൻഷൻ തുടങ്ങുന്നതിന് മുൻപ് രണ്ടുമൂന്നു ദിവസം പെയ്ത ലഘുമഴയാൽ ലഘൂകരിക്കപ്പെട്ടത് വലിയൊരു ആശ്വാസമായിത്തീർന്നു. പിന്നീട് കൺവൻഷൻ ദിനങ്ങളിൽ സമീപപ്രദേശങ്ങളിൽ മഴ പെയ്തിട്ടും യോഗനടത്തിപ്പിന് ഒരു തടസ്സവും വരാത്ത വിധത്തിൽ കൺവൻഷൻ പന്തലും ചുറ്റുപാടും ദൈവകൃപയാൽ സംരക്ഷിക്കപ്പെട്ടു. പ്രകൃതിയിലൂടെ ദൈവം കനിഞ്ഞുനൽകിയ അനുഗ്രഹങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു.

ഈ സംവത്സരം മാരാമൺ കൺവൻഷന്റെ സമയക്രമീകരണത്തിൽ വരുത്തിയ മാറ്റങ്ങൾ കൂടുതൽ ആളുകൾക്ക് യോഗത്തിൽ സംബന്ധിക്കുന്നതിനും ഇതര പ്രലോഭനങ്ങളിൽനിന്നും വിമുക്തി നേടുന്നതിനും ഇടയാക്കി എന്നത് ദൈവം തന്ന ഒരു ആലോചനയായിരുന്നു. മാത്രമല്ല അനുഗൃഹീതരായ വചനശുശ്രൂഷകരെ ദൈവം നമുക്കുവേണ്ടി അയച്ചത് ഓർത്തും നമുക്ക് ദൈവത്തെ സ്തുതിക്കാം. ഇന്നത്തെ സഭയ്ക്ക് ഏറെ ആവശ്യമായിരിക്കുന്ന ചിന്തോദ്ദീപകമായ ദൂതുകൾ അവരിലൂടെ നൽകപ്പെട്ടു എന്നതും പ്രത്യേകം പ്രസ്താവ്യമത്രെ. 1904 ൽ ഉദിച്ച സ്ത്രീ ശാക്തീകരണത്തിന്റെ പ്രകാശം ഉൾക്കൊണ്ട് 1918 ൽ ഒരു അംഗീകൃത സ്ഥാപനമായി രൂപപ്പെട്ട മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ ശതാബ്ദിയുടെ സമാപന സമ്മേളനം ഈ വർഷത്തെ കൺവൻഷനോടനുബന്ധിച്ച് നടത്തപ്പെട്ടത് വളരെ ഹൃദ്യവും അനുഗൃഹീതവുമായ ഒരു അനുഭവമായിരുന്നു. ഈ സമാപന സമ്മേളനത്തിൽ അഖിലലോക സഭാ കൗൺസിൽ സെന്റർ കമ്മറ്റിയുടെ മോഡറേറ്ററായ Dr. Agnus Aboum മുഖ്യാതിഥിയായി പങ്കെടുക്കുകയുണ്ടായി. Dr. Agnus Aboum ന്റെ മഹനീയ സാന്നിധ്യം സഭയ്ക്കും സേവികാസംഘത്തിനും ആ സമ്മേളനത്തിന് ലഭിച്ച ഒരു വലിയ അംഗീകാരമായിരുന്നു എന്നു പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. മാരാമൺ കൺവൻഷനിൽ ദീർഘവർഷക്കാലം ദൈവവചനത്തിന്റെ പ്രഭ ചൊരിഞ്ഞ ലോകപ്രശസ്ത സുവിശേഷ പ്രസംഗകനായിരുന്ന ഡോ. സ്റ്റാൻലി ജോൺസിന്റെ കൊച്ചുമകൾ ഡോ. ആനി മാത്യൂസ് യൂനസും ആ യോഗത്തിൽ സംബന്ധിച്ചു എന്നത് സന്തോഷകരമായ ഒരു അനുഭവമായിരുന്നു. ലോകമാർത്തോമ്മാ വനിതാസംഗമത്തിൽ ശുഭ്രവസ്ത്രധാരികളായി എല്ലാ സേവികാസംഘങ്ങളും വന്നു പങ്കെടുക്കണമെന്ന് അറിയിച്ചിരുന്നതിൻപ്രകാരം എല്ലാവരും അതനുസരിച്ച് വന്ന് പങ്കെടുത്തതിൽ പ്രത്യേകം അഭിനന്ദിക്കുന്നു. കൺവൻഷൻ പന്തലിലേക്ക് ശുഭ്രവസ്ത്രധാരികളായ സ്ത്രീകൾ പ്രവഹിക്കുന്നത് റിട്രീറ്റ് സെന്ററിന്റെ ഭാഗത്തുനിന്നും കിഴക്കോട്ടു നോക്കിയാൽ ഒരു വെള്ളമതിൽ നീങ്ങുന്നതുപോലുള്ള കാഴ്ചയായിരുന്നു എന്ന് പലരും അഭിപ്രായപ്പെടുകയുണ്ടായി. വളരെ അച്ചടക്കത്തോടുകൂടി ആ സമ്മേളനപരിപാടികളിൽ പങ്കെടുത്ത എല്ലാവരെയും, പ്രത്യേകിച്ചും ആ മഹാസമ്മേളനത്തിന് നേതൃത്വം നൽകിയ എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. മാരാമൺ കൺവൻഷന്റെ ക്രമീകരണങ്ങളിൽ കൺവൻഷൻ പ്രസംഗകരായി എത്തിച്ചേർന്നവരുടെ സന്ദർശനം സംബന്ധിച്ച പൊളിറ്റിക്കൽ ക്ലിയറൻസ്, വിസ എന്നിവ ക്രമീകരിച്ച് തരുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നിർലോഭമായ സഹായസഹകരണങ്ങൾ നൽകി എന്നതിൽ മാർത്തോമ്മാ സഭയ്ക്കുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നല്ല സഹകരണം നൽകി സഹകരിച്ചു. പ്രത്യേകിച്ചും ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് കൺവൻഷൻ പന്തലിലേക്കുള്ള വഴികളിൽ Street Lights ക്രമീകരിച്ച് നൽകിയത് സായാഹ്ന യോഗങ്ങൾ കഴിഞ്ഞ് മടങ്ങിയവർക്ക് വളരെയധികം ഉപകാരപ്രദമായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അന്നപൂർണ്ണാ ദേവി, വൈസ് പ്രസിഡന്റ് ശ്രീ. ജോർജ്ജ് മാമ്മൻ കൊണ്ടൂർ എന്നിവരുടെ സഹകരണത്തിനുള്ള നന്ദിയും അറിയിക്കുന്നു. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിൽ നേതൃത്വം നൽകിയ എല്ലാവരോടുമുള്ള നന്ദിയും അഭിനന്ദനവും അറിയിച്ചുകൊള്ളുന്നു.

മാരാമൺ കൺവൻഷൻ ശതോത്തര രജത ജൂബിലിയുടെ ആചരണവുമായി ബന്ധപ്പെട്ട് രൂപകല്പന ചെയ്തിരിക്കുന്ന പ്രതീക്ഷാനിർഭരമായ ക്രമീകരണങ്ങളുടെയും പ്രോജക്ടുകളുടെയും ഉദ്ഘാടനം കൺവൻഷന്റെ സമാപന ദിനത്തിൽ രാവിലത്തെ യോഗത്തിൽവച്ച് നാം നിർവ്വഹിക്കുകയുണ്ടായി. നമ്മുടെ ഭാരതത്തിൽ കാശ്മീരിൽ ഉളവായ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ജവാന്മാരുടെ ദേഹവിയോഗത്തിലുള്ള സഭയുടെ ദുഃഖം അറിയിച്ചുകൊണ്ട് ധീരജവാന്മാരുടെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനുവേണ്ടിയുള്ള പ്രാർത്ഥനയും സമാപന ദിവസം മാരാമൺ കൺവൻഷൻ പന്തലിൽവച്ച് നടത്തുകയുണ്ടായി. രണ്ടാം ലോകമഹായുദ്ധത്തിൽ ആസാമിലുള്ള ഗവൺമെന്റ് മന്ദിരത്തിലേക്ക് കടന്നുകയറ്റം നടത്തിയ ജപ്പാൻസൈന്യത്തിന്റെ ആക്രമണത്തിൽ വീരമൃത്യു വരിച്ച ധീരജവാന്മാരുടെ കല്ലറകൾ ഒരിക്കൽ കണ്ടത് പ്രത്യേകം അനുസ്മരിക്കുന്നു. കുറിയന്നൂർക്കാരനായ മാത്യു എന്ന 21 വയസ്സുകാരന്റെ ഭൗതീകശരീരം അടക്കം ചെയ്ത കല്ലറയും അവിടെ കാണുവാൻ കഴിഞ്ഞു. രാഷ്ട്രത്തിനുവേണ്ടി വീരമൃത്യു വരിച്ച ജവാന്മാരുടെ ഒരു ശവകുടീരത്തിൽ ഇപ്രകാരം അർത്ഥം വരുന്ന വാക്കുകളാണ് രേഖപ്പെടുത്തിയിരുന്നത്- 'നിങ്ങളുടെ നല്ല നാളെകൾക്കുവേണ്ടി ഞങ്ങളുടെ വിലയേറിയ ഇന്നിനെ ഞങ്ങൾ സമർപ്പിച്ചു'. പുൽവാമ ഭീകരാക്രമണത്തിൽ രാഷ്ട്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ച ധീരജവാന്മാരും നമ്മുടെ ഹൃദയങ്ങളോടു മന്ത്രിക്കുന്നത് ഈ വാക്യം തന്നെയാണ്.

നമ്മുടെ രാഷ്ട്രവും നമ്മുടെ സംസ്ഥാനവും ഒരു പുതിയ ജനവിധിക്കായി ഒരുങ്ങുകയാണല്ലോ. ഈ കാലയളവിൽ നമ്മുടെ സംസ്ഥാനത്തിലും രാഷ്ട്രത്തിലും നടമാടിക്കൊണ്ടിരിക്കുന്ന അരക്ഷിതാവസ്ഥ ഉള

വാക്കുന്ന അനുഭവങ്ങൾ വളരെ വേദനാജനകമാണ്. ശബരിമല, അയോധ്യയിലെ രാമക്ഷേത്രം ആദിയായ മേഖലകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അരക്ഷിതാവസ്ഥ നമ്മുടെ ജനാധിപത്യത്തിന്റെ മഹത്തായ മതേതര മൂല്യങ്ങളെ നിഷ്കാസനം ചെയ്യുന്നതല്ലേ എന്ന് എല്ലാവരും ചിന്തിക്കേണ്ടതാണ്. വിഭാഗീയമായ പ്രവർത്തനങ്ങളും സങ്കുചിതമായ ചിന്താധാരകളും നമ്മുടെ രാഷ്ട്രത്തിന്റെ കെട്ടുറപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുകയും നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിക്ക് നമ്മുടെ രാഷ്ട്രത്തെക്കുറിച്ചുണ്ടായിരുന്ന സുന്ദരമായ സ്വപ്നങ്ങളിൽനിന്നും നമ്മെ അകറ്റിക്കളയുകയും ചെയ്യും എന്ന് എല്ലാവരും ഓർത്തിരിക്കേണ്ടതാണ്. എന്നാൽ നാം വിശ്വസിക്കുന്നത് രാഷ്ട്രത്തെയും ജനതയേയും നയിക്കുന്ന വലിയവനായ ദൈവത്തിലാണ്. ദൈവത്തിന്റെ നിയന്ത്രണത്താൽ ദൈവത്തിന്റെ കൃപയുടെ വഴിയിൽക്കൂടി നടക്കുവാൻ ദൈവം എല്ലാവരേയും സഹായിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഈ അടുത്ത സമയത്ത് പരിഗണനയിൽ വന്ന കേരള ഗവണ്മെന്റിന്റെ 'ചർച്ച് ആക്ട്' സഭകൾ തലമുറകളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാണ് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ഓരോ കാലഘട്ടത്തിലും അധികാരത്തിലെത്തുന്ന ഗവണ്മെന്റുകളുടെ നിയന്ത്രണത്തിലേക്ക് സഭയെ കൊണ്ടുവരുവാൻ ശ്രമിക്കുന്ന രീതിയിലുള്ള സമീപനങ്ങൾ അപലപനീയമാണ്. നവോത്ഥാനം രൂപപ്പെടേണ്ടത് തെളിവാർന്ന തിരിച്ചറിവിൽ നിന്നും അവബോധത്തിൽനിന്നുമാണ്. നിർബന്ധംകൊണ്ടും സമ്മർദ്ദംകൊണ്ടും ഭീഷണികൊണ്ടും നവോത്ഥാനം സൃഷ്ടിക്കാൻ ശ്രമിക്കുന്നത് ജനാധിപത്യമൂല്യങ്ങളുടെ വേരറുക്കുന്ന സമീപനമാണ്. പത്തൊൻപതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി നടന്ന നവോത്ഥാനങ്ങൾ ജനാധിപത്യമൂല്യങ്ങളെ കളങ്കപ്പെടുത്തുന്നതായിരുന്നില്ല, നവംനവങ്ങളായ പുതുദർശനങ്ങളിലൂടെ പുതുക്കത്തിലേക്ക് കുതിക്കുന്നതായിരുന്നു എന്ന സത്യം ആരും വിസ്മരിക്കരുത്. കേരള നവോത്ഥാനത്തിന്റെ ധീരനായകരായിരുന്ന നവോത്ഥാനശില്പികളെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ പ്രമുഖ സൈദ്ധാന്തികനായിരുന്ന പി.ഗോവിന്ദപ്പിള്ള എഴുതിയ പുസ്തകത്തിൽ കേരളത്തിലെ വിവിധ സമുദായങ്ങൾ എപ്രകാരമാണ് നവോത്ഥാന പ്രസ്ഥാനങ്ങളിൽ പങ്കുചേരുകയും നേതൃത്വം നൽകുകയും ചെയ്തതിനെക്കുറിച്ച് വ്യക്തമായി പരാമർശിക്കുന്നുണ്ട്. മലങ്കരയിലെ നവീകരണത്തിന്റെ ധീരനായകനായിരുന്ന പാലക്കുന്നത്ത് ഏബ്രഹാം മല്പാനച്ചനെക്കുറിച്ചും പി.ഗോവിന്ദപ്പിള്ള തന്റെ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. കേരള നവോത്ഥാനത്തെ ശക്തിപ്പെടുത്തിയ ഒരു പ്രധാനഘടകം ക്രിസ്തീയ സഭകളിലൂടെ സ്കൂളുകളും കോളേജുകളും ഇവിടെ ആരംഭിച്ചതായ വിദ്യാഭ്യാസത്തിലൂടെയുള്ള നവോത്ഥാനമായിരുന്നു എന്നത് ചരിത്രം നല്കുന്ന മഹത്തായ ഒരു സാക്ഷ്യമാണ്. ആദ്യമായി ഒരു സർവ്വമതസമ്മേളനം ആലുവായിൽ ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളുമായി ബന്ധപ്പെട്ട് ക്രമീകരിക്കപ്പെട്ടപ്പോൾ ആ മഹാസമ്മേളനത്തിന് ആധാരമായി സ്വീകരിച്ച ആപ്തവാക്യം 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനും' എന്നതായിരുന്നു. യഥാർത്ഥ സംവാദത്തിന്റെ അടിസ്ഥാനപ്രമാണമായി സ്വീകരിക്കേണ്ട ഒരു വലിയ ദർശനമാണിത്. ശബരിമലയിൽ രേഖപ്പെടുത്തിയിരിക്കുന്ന 'തത്വമസി' എന്ന മഹാവാക്യവും എല്ലാവരിലൂടെയും പ്രശോഭിക്കുന്ന ദൈവീക ചൈതന്യത്തിന്റെ അർത്ഥമുൾക്കൊള്ളുന്നതാണ്. നമ്മുടെ സഭ നമ്മുടെ മുദ്രയോടു ചേർന്ന് സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം 'പ്രകാശനായ പ്രകാശിത:' എന്നതാണല്ലോ. പ്രകാശം കൊടുക്കുവാനായി പ്രകാശിപ്പിക്കപ്പെടുന്നവരാണ് നാം എല്ലാവരും എന്ന ചിന്ത എത്രയോ ഉന്നതമായ ഒരു ദർശനത്തെയാണ് പ്രഘോഷിക്കുന്നത്. നവോത്ഥാനദർശനങ്ങളുടെ സമന്വയം നമുക്ക് ഈ മഹാവാക്യങ്ങളിൽ ദർശിക്കാൻ കഴിയും.

നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ വളരെയധികം വേദന എല്ലാവരിലും ഉളവാക്കുന്നതാണ്. കൊലപാതകങ്ങളിൽ ഇരകളാക്കപ്പെടുന്നവരുടെ വേർപാടിലുള്ള തീവ്രമായ ദുഃഖം മനുഷ്യസ്നേഹികളായ എല്ലാവരേയും ഏറെ വേദനിപ്പിക്കുന്നതാണ്. ഓരോ കുഞ്ഞും വളർന്ന്, യൗവനത്തിലേക്ക് പ്രവേശിക്കുമ്പോൾ എന്തെല്ലാം പ്രതീക്ഷകളോടുകൂടിയാണ് അവർ വളരുന്നതും അവരുടെ ഭവനങ്ങൾ അവരുടെ വളർച്ച കാണുന്നതും അവരുടെ വളർച്ചയ്ക്കാവശ്യമായിരിക്കുന്നതെല്ലാം ഒരുക്കുന്നതും എന്ന വസ്തുത എല്ലാവരും ഓർക്കേണ്ടതാണ്. നവയൗവനത്തിൽ വെട്ടേറ്റുവീഴുമ്പോൾ ആ പ്രതീക്ഷകളെയെല്ലാം ആരുടെയോ ചില താല്പര്യങ്ങൾക്കു വേണ്ടി തകർക്കപ്പെടുകയല്ലേ ചെയ്യുന്നത് എന്ന് എല്ലാവരും ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്. നമുക്കിവിടെ സാധ്യമാവേണ്ടത് സാഹോദര്യം വളരുന്ന മാനവികതയുടെ ഊഷ്മളമായ അന്തരീക്ഷം നിറഞ്ഞുനിൽക്കുന്ന ഒരു നവകേരളമായിരിക്കണം. സ്നേഹത്തിലധിഷ്ഠിതമായി പടുത്തുയർത്തപ്പെടുന്ന ദൈവത്തിന്റെ സ്വന്തം നാടായി നമ്മുടെ നാട് തീരേണ്ടതിനായി നാം വളരെ പ്രാർത്ഥിക്കുകയും അതിനായി യത്നിക്കുകയും വേണം.

നമ്മുടെ ആറു കോളേജുകളിൽ നാലു കോളേജുകൾ കേന്ദ്ര സംസ്ഥാന ഗവണ്മെന്റ് പദ്ധതിയായ റൂസ എന്ന പ്രോജക്ടിലൂടെ രണ്ടുകോടി രൂപാ വീതം രണ്ടുവർഷം കൊണ്ട് പൂർത്തീകരിക്കപ്പെടേണ്ട പ്രോജക്ടിനായുള്ള ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയുണ്ടായി. തിരുവല്ല, പെരുമ്പാവൂർ, കോഴഞ്ചേരി, ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജ്, എന്നീ കോളേജുകൾക്കാണ് ഇപ്രകാരം തുക ലഭിച്ചിരിക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ നമ്മുടെ മറ്റു കോളേജുകൾക്കും ഇതേ പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കാം.

കേരളത്തിലെ പൗരാണിക കുടുംബങ്ങളിൽ ഒന്നായ ശങ്കരപുരി കുടുംബയോഗത്തിന്റെ ആദ്യത്തെ എക്യുമെനിക്കൽ അവാർഡ് ഫെബ്രുവരി 9-ാം തീയതി കോട്ടയം മാർത്തോമ്മാ വൈദികസെമിനാരി ചാപ്പലിൽ വെച്ച് നടന്ന യോഗത്തിൽ നമുക്ക് സമ്മാനിക്കുകയുണ്ടായി. യോർക്കിലെ ആർച്ച് ബിഷപ്പ് ജോൺ ടക്കർ മുഗാബെ സെന്റാമു, ആർച്ച് ബിഷപ്പിന്റെ ഭാര്യ, ക്നാനായ സുറിയാനി സഭയുടെ അഭിവന്ദ്യ കുറിയാക്കോസ് മാർ സേവേറിയസ് വലിയ മെത്രാപ്പോലീത്താ, ഓർത്തഡോക്സ് സഭയുടെ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ എന്നിവർ ആ യോഗത്തിൽ സന്നിഹിതരായിരുന്നു.

നമ്മുടെ മാർത്തോമ്മാ സ്കൂൾസ് ടീച്ചേഴ്സ് അസോസിയേഷന്റെ നവതി ആഘോഷപരിപാടികളുടെ ഉദ്ഘാടനം ജനുവരി 18-ാം തീയതി തിരുവല്ല വി.ജി.എം. ഹാളിൽ വച്ച് നാം നിർവ്വഹിച്ചു. നമ്മുടെ പാലക്കാട് കുഴൽമന്ദം ഒലിവ് മൗണ്ട് സ്കൂൾ, എരമയൂർ സ്കൂൾ എന്നിവയുടെ പുനർനിർമ്മാണം നടത്തിയ പുതിയ കെട്ടിടങ്ങളുടെ കൂദാശ ഫെബ്രുവരി 5-ാം തീയതി നാം നിർവ്വഹിക്കുകയുണ്ടായി. നമ്മുടെ മലബാർ മേഖലയിലുള്ള എം.റ്റി. ആന്റ് ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂൾ അദ്ധ്യാപകരുടെ ഒരു സമ്മേളനവും മാർത്തോമ്മാ സ്കൂൾസ് ടീച്ചേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അന്നേ ദിവസം അവിടെവച്ച് നടക്കുകയുണ്ടായി. അദ്ധ്യാപകരുടെ ആ കൂടിവരവ് ആ മേഖലയിലെ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പുത്തൻ ഒരു ഉണർവ്വ് പ്രദാനം ചെയ്യുന്നതായിരുന്നു എന്ന് പറയുന്നതിൽ വളരെയധികം സന്തോഷമുണ്ട്.

ഫെബ്രുവരി 1-ാം തീയതി ഓസ്ട്രിയായിലെ വിയന്ന യൂണിവേഴ്സിറ്റിയിൽനിന്നുള്ള 30 വിദ്യാർത്ഥികളുടെയും ഫാക്കൽറ്റി അംഗങ്ങളുടെയും ഒരു സൗഹൃദ സന്ദർശനം നടന്നു. തിരുവല്ലായിൽ പൂലാത്തീനിൽ അവരെ സ്വീകരിച്ചതും ആശയവിനിമയം നടത്തിയതും വളരെ ഹൃദ്യമായൊരു അനുഭവമായിരുന്നു. ഫെബ്രുവരി 6-ാം തീയതി പൂവത്തൂർ മാർത്തോമ്മാ ഇടവകയുടെ നവീകരിക്കപ്പെട്ട മദ്ബഹായുടെ കൂദാശ നാം നിർവ്വഹിച്ചു. ഫെബ്രുവരി 7-ാം തീയതി തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തിൽവച്ച് മേല്പാടം ആറ്റുമാലിൽ ജോർജ്ജുകുട്ടി എൻഡോവ്മെന്റിൽനിന്നുള്ള ശാസ്ത്രസാങ്കേതിക രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള മെറിറ്റ് അവാർഡ് പ്രമുഖ ശാസ്ത്രജ്ഞൻ ഡോ. വി.എസ്. അരുണാചലത്തിനും യുവശാസ്ത്രജ്ഞർക്കുള്ള അവാർഡ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിലെ അസി.പ്രൊഫസർ. ഡോ.സിനോയ് തോമസിനും ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ അസി. പ്രൊഫസർ ഡോ. ആർ.ജയകൃഷ്ണനും നാം സമ്മാനിക്കുകയുണ്ടായി. ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആറാട്ടുപുഴ തരംഗം സെന്ററിൽവച്ച് നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് പങ്കെടുത്തു. സിൽവർ ജൂബിലി ആഘോഷങ്ങൾ ഭദ്രാസനപ്രവർത്തനങ്ങൾക്ക് ദർശനത്തിലും പ്രയോഗത്തിലും പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യട്ടെ എന്ന് ആശംസിക്കുന്നു. ഫെബ്രുവരി 16-ാം തീയതി കേരളാ റീജിയൺ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ സമ്മേളനത്തിൽ പ്രത്യേക ക്ഷണപ്രകാരം പങ്കെടുക്കുകയും ആ യോഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഫെബ്രുവരി 25-ാം തീയതി പുതുശേരി ശാലേം മാർത്തോമ്മാ ഇടവകയുടെ പുതിയ പള്ളിയുടെ കൂദാശ നിർവ്വഹിച്ചു.

പ്രളയദുരിത കെടുതികളിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും ഭാഗീകമായി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്കും സഹായഹസ്തം ഏകുന്നതിനായി സഭ സ്വീകരിച്ച പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ മാർച്ച് മാസത്തിൽ ആരംഭിക്കുകയാണ്. ആയിരത്തിൽപരം അപേക്ഷകൾ നാനാജാതി മതസ്ഥരിൽനിന്നും ലഭിച്ചതിൽനിന്നും ഒരു വിദഗ്ദ്ധസമിതി സൂക്ഷ്മപരിശോധന നടത്തിയശേഷമാണ് 100 വീടുകൾ നിർമ്മിച്ചുനൽകുന്നതിനും 50 വീടുകൾ കേടുപാടുകൾ പരിഹരിക്കുന്നതിനും ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. ഈ പദ്ധതി പൂർത്തീകരിക്കണമെങ്കിൽ ഒരു കോടി രൂപ ഇനിയും ലഭിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഈ പദ്ധതിയിലേക്ക് ഇനിയും പണം നൽകിയിട്ടില്ലാത്ത വ്യക്തികളിൽനിന്നും ഇടവകകളിൽനിന്നും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. ഇതിനോടകം ഈ പദ്ധതിക്ക് സംഭാവനകൾ നൽകി സഹകരിച്ച സുമനസ്സുകളായ എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

നാം ഒരു നോമ്പ് കാലത്തിലേക്ക് പ്രവേശിക്കുകയാണ്. പൗരസ്ത്യ സഭകൾ കർത്താവിന്റെ ഉയർപ്പിന്റെ ദിനമായ കർതൃദിവസമത്രെ ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനത്തിന്റെ കേന്ദ്രബിന്ദുവായി ആചരിക്കുന്നത്. ഉയർപ്പുനാളിന്റെ മുൻപുള്ള 50 ദിനങ്ങളും ഉയർപ്പിനുശേഷമുള്ള 50 ദിനങ്ങളും സഭയെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രാധാന്യമുള്ള ദിനങ്ങളാണ്. ഉയർപ്പിന് മുൻപുള്ള 50 ദിനങ്ങളാണ് വലിയ നോമ്പു ദിനങ്ങളായി നാം കണക്കാക്കുന്നത്. അതിൽതന്നെ ആദ്യത്തെ നാല്പത് ദിവസങ്ങൾ കർത്താവിന്റെ അടയാളങ്ങളിൽ ആകൃഷ്ടരായി, നിർണായക സന്ദർഭങ്ങളിലുള്ള ദൈവത്തിന്റെ ഇടപെടലുകൾ ആസ്വദിച്ചവർ ദൈവത്തെ മഹത്വപ്പെടുത്തുന്ന അനുഭവങ്ങൾ കൂടുതലായി ധ്യാനിക്കുന്ന കാലഘട്ടമാണ്. എന്നാൽ പകുതി നോമ്പുകഴിയുമ്പോൾ ദൈവത്തിന്റെ രക്ഷണ്യപ്രവർത്തികൾ ലഭ്യമായിട്ടും അതുപയോഗിക്കാതെ നിസ്സംഗരായി നിന്നവരുടെ വ്യത്യസ്ത സാഹചര്യങ്ങളിലേക്ക് കർത്താവ് ധൈര്യപൂർവ്വം ഇറങ്ങിച്ചെല്ലുമ്പോൾ എതിർപ്പിന്റെ മുൾമുനകൾ ക്രിസ്തുവിനുമുമ്പിൽ ഒരുക്കപ്പെടുന്നതിന്റെ അനുഭവങ്ങളാണ് നാം ധ്യാനിക്കുന്നത്. ആരാധനാലയത്തിൽ വച്ചുതന്നെയാണ് കർത്താവിനെതിരെയുള്ള പടയൊരുക്കം ആരംഭിച്ചത് എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാല്പതു ദിവസത്തിന്റെ നോമ്പ് അവസാനിക്കുന്നത് കർത്താവ് പരീക്ഷകളെ അഭിമുഖീകരിക്കുന്നതും അതിജീവിക്കുന്നതുമായ സന്ദർഭത്തിന്റെ ധ്യാനത്തോടുകൂടിയാണ്. ഒന്നാമത്തെ പരീക്ഷ തന്റെ ഉദരപൂരണത്തിനുവേണ്ടി ദൈവം തനിക്കു നല്കിയ കൃപാമുഖാന്തരങ്ങളെ ഉപയോഗിക്കാനുള്ള പരീക്ഷയായിരുന്നു. കർത്താവ് ആ പരീക്ഷയെ നേരിടുന്നത് വചനം എന്ന പരിചകൊണ്ടാണ്. അപ്പോൾ പിശാച് വചനം ഉദ്ധരിച്ചുകൊണ്ട്, അത്ഭുതപ്രഭാവത്തിലൂടെ ജനഹൃദയങ്ങളെ വശീകരിക്കാനുള്ള പ്രലോഭനതന്ത്രമാണ് യേശുവിന്റെ മുമ്പിൽ സമർപ്പിക്കുന്നത്. ദൈവത്തെ പരീക്ഷിക്കരുത് എന്ന വചനം ഉദ്ധരിച്ചുകൊണ്ടുതന്നെ കർത്തവ് ആ പരീക്ഷയെ അതിജീവിച്ചു. അപ്പോൾ പിശാച് തനിക്കില്ലാത്തത് ഉണ്ടെന്നുള്ള ഭാവത്തോടെ ഈ ലോകവും അതിന്റെ പ്രതാപവും യേശു തന്നെ നമസ്ക്കരിച്ചാൽ വിട്ടുതരാമെന്ന പ്രലോഭനം ഒരുക്കി കർത്താവിനെ പരീക്ഷിക്കുന്നു. എന്നാൽ അവിടെയും വചനത്തിന്റെ സർവായുധവർഗം ധരിച്ച് കർത്താവ് പ്രലോഭനത്തിന് തക്ക മറുപടി നൽകുകയും തന്റെ പിതാവ് തനിക്ക് നൽകിയ നിയോഗം പൂർത്തീകരിക്കുന്നതിനായി യാത്ര ആരംഭിക്കുകയും ചെയ്യുന്നു. ലക്ഷ്യങ്ങൾക്കനുയോജ്യമല്ലാത്ത മാർഗ്ഗങ്ങൾ സ്വീകരിക്കരുത് എന്നതിന്റെ ശാക്തീകരണമാണ് ക്രിസ്തു പരീക്ഷകളെ അഭിമുഖീകരിച്ച ശൈലിയുടെ മാതൃകയിലൂടെ പ്രഖ്യാപിക്കുന്നത്. അൻപത് നോമ്പിന്റെ അവസാനത്തെ പത്തു ദിനങ്ങൾ യേശുവിന്റെ യെരുശലേം യാത്രയെക്കുറിച്ചും യെരുശലേമിൽ ക്രിസ്തു അനുഭവിച്ച പീഡാനുഭവങ്ങളെക്കുറിച്ചും ക്രൂശുമരണത്തെക്കുറിച്ചും ഉയിർപ്പിനെക്കുറിച്ചും ധ്യാനിക്കുന്ന ദിനങ്ങളാണ്. ഉയിർപ്പിന് ശേഷമുള്ള അൻപത് ദിനങ്ങളിൽ ആദ്യത്തെ നാല്പത് ദിവസങ്ങൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് ശേഷമുള്ള പ്രത്യക്ഷതകളെക്കുറിച്ചും അതിലൂടെ ശിഷ്യന്മാരെ യഥാസ്ഥാനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട സംഭവങ്ങളെക്കുറിച്ചാണ് ചിന്തിക്കുന്നത്. എന്നാൽ കർത്താവിന്റെ പ്രത്യക്ഷതകൾ ശിഷ്യന്മാരിൽ പലർക്കുമുണ്ടായെങ്കിലും തന്റെ പ്രിയ മാതാവിന് അങ്ങനെ ഒരു പ്രത്യക്ഷത ലഭിച്ചില്ല എന്നത് നാം പ്രത്യേകം ഓർക്കണം.കുരിശിന്റെ ചുവട്ടിൽവച്ചുതന്നെ തന്റെ പ്രിയപുത്രനെ രക്ഷകനായി പൂർണ്ണമായി അംഗീകരിച്ച ആ അമ്മയ്ക്ക് ഒരു പ്രത്യക്ഷതയിലൂടെയുള്ള യഥാസ്ഥാനപ്പെടുത്തലിന്റെ ആവശ്യമുണ്ടായിരുന്നില്ല എന്നതാണ് ഇക്കാര്യത്തിൽ നാം മനസിലാക്കേണ്ട ഒരു പ്രധാനപ്പെട്ട വസ്തുത. അതിനുശേഷമുള്ള 10 ദിനങ്ങൾ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾക്കുവേണ്ടിയുള്ള കാത്തിരിപ്പിന്റെ നാളുകളാണ്. സ്വർഗ്ഗാരോഹണത്തിന് മുൻപ് കർത്താവ് തന്റെ ശിഷ്യന്മാരോട് ഇപ്രകാരം കല്പിച്ചു.- 'എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും' (അപ്പോ. പ്രവൃ. 1:8). ഇത് പറഞ്ഞശേഷം യേശു അവർ കാൺകെ ആരോഹണം ചെയ്തു. അതിനുശേഷം യേശു കല്പിച്ചതിൻപ്രകാരം ശിഷ്യന്മാർ ഒരുമനപ്പെട്ട് കാത്തിരുന്നപ്പോഴാണ് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ അവർ പ്രാപിച്ചത്. അങ്ങനെ ഉയർപ്പിനുശേഷമുള്ള അൻപതാം ദിനമായ പെന്തെക്കോസ്തു നാളിൽ സഭ പരിശുദ്ധാത്മാവിന്റെ സ്വാധീ

നത്തിന്റെ നിറവിലായിത്തീർന്നു. യേശുവിന്റെ ഉയിർപ്പിന് മുൻപും പിൻപുമുള്ള അൻപത് ദിനങ്ങളെക്കുറിച്ചുള്ള സുപ്രധാന വസ്തുതകൾ ഈ നാളുകളിൽ നാം കൂടുതലായി ധ്യാനിക്കേണ്ടതാണ്. മാർച്ച് മാസത്തിലെ ഒന്നാം ഞായറാഴ്ചയാണ് വലിയനോമ്പ് ആരംഭിക്കുന്നത്. കാനാവിലെ കല്യാണവിരുന്നിൽ വന്നുചേർന്ന ഒരു ദുർഘടം നമ്മുടെ കർത്താവിന്റെ നിർണായകമായ ഇടപെടലിലൂടെ പരിഹരിക്കപ്പെട്ട് സന്തോഷത്തിന്റെ നിറവിൽ ആ ഭവനം നിലനിർത്തപ്പെടുന്ന വചനഭാഗമാണ് അന്ന് നാം ധ്യാനിക്കുന്നത്. അവരുടെ സന്തോഷം വീഞ്ഞ് തീർന്നതുമൂലം ഒരു ദുഃഖാനുഭവമായി തീരാനുള്ള സാധ്യത വന്നുചേർന്നു. എന്നാൽ യേശു ആ വീടിന്റെ പോരായ്മ മനസ്സിലാക്കി അവിടെ തന്റെ അടയാളങ്ങളുടെ ആരംഭം കുറിച്ചു. യേശു പറഞ്ഞതുപോലെ ശുശ്രൂഷകർ ചെയ്തപ്പോൾ വെള്ളം വീഞ്ഞായിതീർന്നു. ഒരു ചിന്തകൻ ആ സംഭവത്തെക്കുറിച്ച് പറഞ്ഞത് ചിന്തോദ്ദീപകമാണ്. – 'സ്രഷ്ടാവ് തന്റെ സൃഷ്ടിയെ അനുഗ്രഹിച്ചു. സൃഷ്ടി രൂപാന്തരപ്പെട്ടു'. സ്രഷ്ടാവിന്റെ വാക്കുകളാണ് നമ്മെ രൂപാന്തരപ്പെടുത്തുന്നത് എന്ന വലിയ സത്യം ബോദ്ധ്യപ്പെടുത്തുന്ന ഈ ധ്യാനത്തോടുകൂടിയാണ് അൻപത് നോമ്പ് ആരംഭിക്കുന്നത്. അതിനുശേഷം മാർച്ച് 10-ാം തീയതി ഞായറാഴ്ച പുറന്തള്ളപ്പെട്ടവരോടൊപ്പം കൂട്ടായ്മ ആചരിക്കുന്ന ക്രിസ്തുവിനെയാണ് നാം കാണുന്നത്. യേശു കുഷ്ഠരോഗിയെ തൊടുന്നത് കുഷ്ഠരോഗിയുടെ കുഷ്ഠം മാറി സൗഖ്യം പ്രാപിച്ചതിനുശേഷമല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അവൻ കുഷ്ഠരോഗിയായിരിക്കുമ്പോൾ തന്നെയാണ് യേശു അവനെ തൊട്ട് അവനോടുള്ള സ്നേഹം പ്രകാശിപ്പിച്ച് അവനെ സൗഖ്യത്തിലേക്ക് നയിക്കുന്നത്. നാം ആയിരിക്കുന്ന അവസ്ഥയിൽ നമ്മെ കാണുന്ന കർത്താവ്, നമ്മെ സ്നേഹിക്കുന്ന കർത്താവ്, നമ്മെ തന്റെ കൃപയാൽ നാം ആയിരിക്കേണ്ടുന്ന അവസ്ഥയിലേക്ക് നയിക്കുന്നവനാണ് എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുപോകരുത്. മാർച്ച് 17-ാം തീയതി ഞായറാഴ്ച പാപഭാരത്തിൽ നിന്നുള്ള മോചനം എന്നതാണ് ധ്യാനവിഷയം. നാലാൾ ചുമന്നുകൊണ്ടുവന്ന പക്ഷവാത രോഗിയെ കഫർന്നഹൂമിലെ ഭവനത്തിൽവെച്ച് യേശു സൗഖ്യമാക്കുന്ന സംഭവമാണ് അന്നു നാം ചിന്തിക്കുന്നത്. യേശു പക്ഷവാതരോഗിയെ സൗഖ്യമാക്കുന്നത് അവന്റെ പാപം മോചിച്ചുകൊണ്ടാണ്. പാപം മോചിപ്പാൻ അധികാരം ഉള്ളവൻ നമ്മുടെ കർത്താവാണ്. കർത്താവാണ് പാപമോചനത്തിന്റെ സൗഖ്യത്തിലേയ്ക്ക് നമ്മെ നയിക്കുന്നത്. മാർച്ച് 24-ാം തീയതി ഞായറാഴ്ച 'പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ വിശ്വാസപ്രകാശനം' എന്ന വിഷയത്തെ കേന്ദ്രീകരിച്ചാണ് ചിന്തിക്കുന്നത്. വി.മത്തായി എഴുതിയ സുവിശേഷം 15:21-28 വാക്യങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന കനാന്യ സ്ത്രീയുടെ മകളെ കർത്താവ് സൗഖ്യമാക്കുന്ന സംഭവം വലിയ തിരിച്ചറിവുകൾ നമുക്ക് സമ്മാനിക്കുന്ന ഒരു ഭാഗമാണ്. വിജാതീയ സ്ത്രീ തന്റെ സ്വത്വം മറച്ചുവെച്ച് യേശുവിനോടു നിലവിളിക്കുമ്പോൾ അവൾ പ്രതീക്ഷിക്കാത്ത മറുപടികളാണ് യേശുവിൽ നിന്നുണ്ടായത്. എന്നാൽ അവൾ തന്റെ സ്വത്വബോധത്തോടെ തന്റെ സ്വന്തം ശൈലിയിൽ വീണ്ടും നിലവിളിക്കുമ്പോൾ യേശു 'സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടംപോലെ നിനക്ക് ഭവിക്കട്ടെ'. എന്ന മറുപടിയിലൂടെ അവളെ അനുഗ്രഹിച്ച് അവളുടെ മകളെ സൗഖ്യത്തിലേക്ക് നയിക്കുന്ന കാഴ്ചയാണ് നാം അവിടെ കാണുന്നത്. ഒരാൾ തന്റെ സ്വന്തം മാതാവിനെ ആദരപൂർവ്വം സംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന അതേ വാക്കുപയോഗിച്ചാണ് യേശു ആ വിജാതീയ സ്ത്രീയെ സംബോധന ചെയ്തത് എന്ന വസ്തുത ('സ്ത്രീയേ') വളരെ ശ്രദ്ധേയമാണ്. നമ്മുടെ ഹൃദയത്തിന്റെ ഭാഷയിൽ നാം കർത്താവിനോട് നിലവിളിക്കുമ്പോഴാണ് നമ്മെ അംഗീകരിച്ച് സ്നേഹിക്കുന്ന കർത്താവ് നമുക്ക് ഉത്തരം നൽകുന്നത്. ഇതത്രെ നവീകരണത്തിന്റെ അടിസ്ഥാനപ്രമാണം. മാർച്ച് 25-ാം തീയതി തിങ്കളാഴ്ച 'സുബോറൊ' വചനിപ്പ് പെരുനാൾ ആചരിക്കുന്നു. കന്യക മറിയാമിനോടുള്ള അറിയിപ്പിനെക്കുറിച്ചാണ് അന്ന് നാം ധ്യാനിക്കുന്നത്. രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് കന്യകമറിയാമിന് ലഭിക്കുമ്പോൾ അവൾ അത് അവിശ്വസിക്കുന്നില്ല. അവൾക്കുള്ള സംശയം മാത്രം ദൂതനോട് അറിയിക്കുകയാണ് ചെയ്തത്. അതുകൊണ്ട് മറിയ അനുഗ്രഹിക്കപ്പെട്ടു. അതേസമയം യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് ലഭിക്കുമ്പോൾ അവിശ്വാസത്തിന്റെ വാക്കുകൾ ഉച്ചരിച്ച സെഖര്യാവ് മൗനിയായിത്തീരുന്ന കാഴ്ച നാം കാണുന്നുണ്ട്. സെഖര്യാവിന്റെ ഭാര്യ എലിസബത്ത് മറിയയെ പിന്നീട് കാണുമ്പോൾ പറയുന്നത് 'കർത്താവ് തന്നോട് അരുളിച്ചെയ്തതിന് നിവൃത്തിയുണ്ടാകും എന്ന് വിശ്വസിച്ച നീ ഭാഗ്യവതി' എന്നാണ്. അതിന് മറിയ നൽകുന്ന പ്രതികരണത്തിൽ മറിയ വളരെ അഭിമാനത്തോടുകൂടി പറയുന്നു. – 'ഇന്നുമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും'. ഈ ഭാഗ്യാവസ്ഥയ്ക്ക് ഇന്നയോളവും ഒരു കുറവും സംഭവിച്ചിട്ടില്ലായെന്ന് കാലവും ചരിത്രവും സാക്ഷ്യം പറയുന്നു. പകുതിനോമ്പിന് ശേഷമുള്ള ഞായറാഴ്ചത്തെ ധ്യാനവിഷയം 'ചൂഷിത ഘടനകളുടെ രൂപാന്തരീകരണം' എന്നതാണ്. കൂനിയായ സ്ത്രീയുടെ സൗഖ്യത്തെക്കുറിച്ച് വി.ലൂക്കൊ. 13:10-17 വാക്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ സ്ത്രീ പതിനെട്ട് സംവത്സരമായി കൂനിയായ ഒരു സ്ത്രീയാണ്. അവൾ പതിവായി പള്ളിയിൽ വരുന്നു. എന്നാൽ അവളുടെ അവസ്ഥയ്ക്ക് ഒരു മാറ്റവും ഉണ്ടാകുന്നില്ല. കുരുടർ കാണുന്നു, ചെകിടർ കേൾക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായ് തീരുന്നു. ഇതെല്ലാം അവളും അവിടെയുള്ളവരും അറിയുന്നുണ്ട്. എന്നാൽ ആ സൗഖ്യം അവൾക്കു ലഭിച്ചിട്ടില്ല. അവൾക്ക് സൗഖ്യം ലഭിക്കണമെന്ന് പള്ളിയിൽ അവളോടൊപ്പമുള്ളവർക്ക് താല്പര്യവുമില്ല. എന്നാൽ ഈ അവസ്ഥയിൽ യേശു അവളെ കാണുന്നു. അവൾ പറയാതെതന്നെ അവളുടെ വേദന യേശു തിരിച്ചറിയുന്നു. യേശു അവളെ തന്റെ അടുക്കലേക്ക് വിളിച്ചു. അവളുടെമേൽ കൈവെച്ച് അവൾക്ക് സൗഖ്യം നല്കി. എന്നാൽ സൗഖ്യം നൽകിയത് ശബത്തിലായതിനാൽ യേശുവിനെതിരെ പള്ളിപ്രമാണിയും കൂട്ടരും ഒരു പടയൊരുക്കം നടത്തുകയാണ്. സൗഖ്യമാക്കാൻ പറ്റിയ സ്ഥലം ഇതല്ല, സൗഖ്യമാക്കാൻ പറ്റിയ സമയം ഇതല്ല – എന്നതാണ് അവരുടെ വാദഗതി. ഈ എതിർപ്പുകളാണ് യേശുവിന്റെ ക്രൂശികരണത്തിലേക്ക് യേശുവിനെ കൊണ്ടുചെന്നെത്തിച്ചത്. യേശുവിന്റെ വലിയ സ്നേഹം ലോകത്തിന്റെ കീഴ്വഴക്കങ്ങളെയും നിയമത്തിന്റെ കുരുക്കുകളെയും അതിവർത്തിച്ചുകൊണ്ട് മറ്റുള്ളവരിലേക്ക് ഒഴുകിയെത്തുന്ന സ്നേഹമാണ്. യേശു തന്റെ അടുക്കലേക്ക് കൂനിയായ സ്ത്രീയെ ക്ഷണിച്ചപ്പോൾ അവൾ ആ ക്ഷണം സ്വീകരിച്ചതാണ് അവളെ സൗഖ്യത്തിലേയ്ക്ക് നയിച്ചത്. എവിടെ അനുസരണം ഉണ്ടോ അവിടെ സൗഖ്യദായകനായ ക്രിസ്തുവിനെ നമുക്ക് രുചിച്ചറിയുവാൻ കഴിയും.

'എന്റെ വാക്കു കേട്ടനുസരിപ്പിൻ; എന്നാൽ ഞാൻ നിങ്ങൾക്കു ദൈവമായും നിങ്ങൾ എനിക്കു ജനമായും ഇരിക്കും; നിങ്ങൾക്കു നന്നായിരിക്കേണ്ടതിനു ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ള വഴികളിലൊക്കെയും നടപ്പീൻ'. (യിരെ. 7:23)

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
26-02-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**